6326
8/6/20

File No.FWLD-A1/109/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ അനധികൃതമായി തടിമില്ലുകളും പീലിംഗ് യൂണിറ്റുകളും പ്രവർത്തിച്ചത് തടയുന്നതിൽ വീഴ്ച വരുത്തിയത് - അച്ചടക്ക നടപടി തീർപ്പാക്കിയത് - ശ്രീ.എൻ.രാജേഷ് ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 876/2014 കേസിലെ 28.06.2019-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.132/2020/വനം** തിരുവനന്തപുരം, തീയതി, 04/06/2020

---

പരാമർശം:- (1) 19.04.2012-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്)-ന്റെ ബി1-5699/2008 നമ്പർ നടപടി ഉത്തരവ്

(2) 21.03.2013-ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി1-5699/2008 നമ്പർ നടപടി ഉത്തരവ്

(3) 30.11.2013-ലെ സ.ഉ.(സാധാ.) നം. 495/13/വനം ഉത്തരവ്

(4) 9.04.2019-ലെ സ.ഉ.(സാധാ.) നം. 145/2019/വനം ഉത്തരവ്

(5) ശ്രീ.എൻ.രാജേഷ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 876/2014 കേസിലെ 13.12.2019-ലെ വിധിന്യായം

**ഉത്തരവ്**

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ അനധികൃതമായി തടിമില്ലുകളും പീലിംഗ് യൂണിറ്റുകളും പ്രവർത്തിച്ചതുമായി ബന്ധപ്പെട്ട് വയനാട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ M/s. ഹസീനവുഡ് ഇൻഡസ്ട്രീസ്, കരിമ്പുമണൽ യൂണിവേഴ്സൽ വുഡ് വർക്ക്സ് കരിയംമ്പറ്റ, രാഗം വുഡ് ഇൻഡസ്ട്രീസ് കൈനാട്ടി കൽപ്പറ്റ, കെ.പി.സോമിൽ കമ്പറ്റ എന്നീ തടിമില്ലുകളിൽ ക്രമക്കേടുകൾ നടന്നതായും കുറ്റക്കാരായി 14 ഉദ്യോഗസ്ഥരെ കണ്ടെത്തുകയുമുണ്ടായി. ഇതിൽ 8 പേർ വനം വകുപ്പുദ്യോഗസ്ഥരായിരുന്നു. അതിൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്കെതിരെ ലഘുശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ശുപാർശ ചെയ്യുകയുണ്ടായി. അതിൻ പ്രകാരം 4 ഉദ്യോഗസ്ഥർക്ക് ടിയാന്മാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ 4 മാസത്തേയ്ക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി.

2) ഇവരിലൊരാളും അന്നത്തെ മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുമായ ശ്രീ.എൻ.രാജേഷ് മേൽ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീലും റിവ്യൂ പെറ്റീഷനും പരാമർശം (2), (3)

പ്രകാരം നിരസിച്ചതിനാൽ, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. (ഇകെഎം) 876/2014 കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ പരാമർശം (4)-ലെ സർ ക്കാർ ഉത്തരവിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാജേഷിനെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ പരാമർശം (5) പ്രകാരം വിധിച്ചു.

3) ഇതേ വിഷയത്തിൽ ഒരേ ശിക്ഷ കിട്ടിയ മറ്റ് രണ്ട് പേരെ കുറ്റവിമുക്തമാക്കിയ ഉത്തരവാണ് പരാമർശം (4)-ലേത്. പരാമർശം (5)-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.രാജേഷിനെ വനം വകുപ്പിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ടിയാനെതിരായ കുറ്റപത്രത്തിലെ ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്:

1. അനധികൃതമായി തടിമില്ലും പീലിംഗ് യൂണിറ്റും പ്രവർത്തിക്കുന്നത് പരിശോധിച്ച് തടയുന്നതിനും നിയന്ത്രിക്കുന്നതിലും പരാജയപ്പെട്ടു.

2. നിലവിലുള്ള നിയമത്തെയും സർക്കാർ ഉത്തരവുകളെയും മറികടന്ന് ആവശ്യമായ പരിശോധന നടത്താതെ മേൽപ്പറഞ്ഞ തടിമില്ലുകളും പീലിംഗ് യൂണിറ്റും നിർബാധം പ്രവർത്തിക്കുന്നതിന് അനുമതി നൽകി.

3. സർക്കാർ താൽപര്യം സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടു.

4) നേരിൽ കേൾക്കൽ വേളയിൽ ശ്രീ.രാജേഷ് താഴെപ്പറയുന്നവ ബോധിപ്പിച്ചു. 15.11.2006 മുതൽ 16.09.2008 വരെയാണ് ടിയാൻ മേപ്പാടിയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്നത്. 29.10.2007-നാണ് വിജിലൻസിന്റെ സർപ്രൈസ് ചെക്ക് നടന്നത്. ആ സമയത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന തടിമില്ല് അടച്ചുപൂട്ടുന്നതിന് വനം വകുപ്പിലെ എക്സിക്യൂട്ടീവ് ഓഫീസറിനെ പ്രാപ്തനാക്കുന്ന സർക്കാർ ഉത്തരവും ചട്ടങ്ങളും നിലവിലില്ലായിരുന്നു. അനധികൃതമായി പ്രവർത്തിക്കുന്നു എന്ന് കണ്ടെത്തിയ തടിമില്ലുകളിൽ ഒരെണ്ണമായ കെ.പി. സാമില്ലിന് 1977-78 വർഷം മുതൽ പഞ്ചായത്ത് ലൈസൻസുണ്ടായിരുന്നു. അത് വർഷം തോറും പുതുക്കിയിരുന്നു. മഹാവീർ സാമിൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചു വരുന്നത്. എന്നാൽ ഇവയോടു ചേർന്നുണ്ടായിരുന്ന വെനീർ പീലിംഗ് യൂണിറ്റുകൾ വനം വകുപ്പിന്റെ എൻ ഒ സി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. ഈ രണ്ട് യൂണിറ്റുകളും അടച്ചു പൂട്ടുന്നതിന് നോട്ടീസ് നൽകുകയും അക്കാര്യത്തിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ട സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയും ചെയ്തു. ഇതിനു പുറമേ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെയും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെയും അധികാരികളോട് അവശ്യ നടപടി സ്വീകരിക്കുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്.

5) ശ്രീ.രാജേഷിന്റെ വാദം വകുപ്പിന്റെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ഫയലിന്റെയും

അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 30.10.2002-ൽ അനധികൃതമായി പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകളും അടച്ചു പൂട്ടാൻ ബഹു. സുപ്രീം കോടതി ഉത്തരവിട്ടു. Central Empowered Committee-യുടെ അനുവാദമില്ലാതെ തടിയധിഷ്ഠിത വ്യവസായം ആരംഭിക്കരുത് എന്നും വ്യക്തമാക്കിയിരുന്നു. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾ നിർത്തലാക്കുന്നതിന് വനം വകുപ്പിനെ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയത് 13.07.2010-ലെ 7322/D3/10/F&WLD പ്രകാരമാണ്. മരാധിഷ്ഠിത വ്യവസായ നിയന്ത്രണ ചട്ടങ്ങൾ നിലവിൽ വന്നത് 19.04.2012-ലെ സ.ഉ.(പി.) 51/2012/F&WLD പ്രകാരവുമാണ്.

6) കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ് 2012, ചട്ടം 3(4) പ്രകാരം "The Authorized Officer may grant a license under the provisions of these rules to a saw mill or wood based industrial unit which was functioning with a radial distance of five kilometers from the boundary of any forests owned by Government on or before 30th October, 2002 under the license issued by a Local self Government Institution subject to the conditions specified in rule 8 and rule 9". അതായത് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയ ലൈസൻസാണ് 30.10.2012-നു മുൻപ് ടി യൂണിറ്റ് പ്രവർത്തിച്ചിരുന്നു എന്നതിനുള്ള തെളിവായി കണക്കാക്കിയിരുന്നത്.

7) മേപ്പാടി റെയിഞ്ചിലെ രണ്ട് തടിമില്ലുകളിലാണ് പരിശോധന നടന്നത്. കൈനാട്ടിയിലുള്ള മഹാവീർ വുഡ് ഇൻഡസ്ട്രീസിലും കന്നുപേട്ടയിലുള്ള കെ.പി.സാമില്ലിലും. കെ.പി. സാമില്ലിന് 1977-78 വർഷം മുതൽ പഞ്ചായത്ത് ലൈസൻസുണ്ടായിരുന്നു. അത് വർഷം തോറും പുതുക്കിയിട്ടുമുണ്ട്. അതിനർത്ഥം ഈ യൂണിറ്റിന് സുപ്രീം കോടതി ഭാഷ്യം പ്രകാരവും സാമിൽ റൂൾസ് 2012 പ്രകാരവും ലൈസൻസ് ഉണ്ട്. മഹാവീർ സാമിൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സർപ്രൈസ് ചെക്കിന്റെ സമയത്ത് പ്രസ്തുത വിധി പ്രാബല്യത്തിലുണ്ടായിരുന്നു. ആയതിനാൽ ഈ രണ്ട് തടിമില്ലുകളും സർപ്രൈസ് ചെക്കിന്റെ സമയത്ത് അനധികൃതമായല്ല പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇവയോടു ചേർന്നുണ്ടായിരുന്ന വെനീർ പീലിംഗ് യൂണിറ്റുകൾ വനം വകുപ്പിന്റെ എൻ ഒ സി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. റിസർവ്വ് വനത്തിനകത്തോ വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തോ നടക്കുന്ന വനം കുറ്റകൃത്യം തടയുന്നതിനാണ് വനം വകുപ്പുദ്യോഗസ്ഥർക്ക് നിയമപ്രകാരം അധികാരമുള്ളത്. സർപ്രൈസ് ചെക്കിൽ ഉൾപ്പെട്ടിട്ടുള്ള ഈ തടിമില്ലുകളും പീലിംഗ് യൂണിറ്റുകളും മേൽപ്പറഞ്ഞ പരിധിയിൽ വരുന്നില്ല. സെക്ഷൻ 52(1), 66 എന്നിവ പ്രകാരമുള്ള വനം കുറ്റകൃത്യം അവിടെ നടന്നിട്ടുമില്ല. അതുമല്ല അവിടെ ഉപയോഗിക്കുന്ന തടിയുടെ ഭൂരിഭാഗവും തേയില, കാപ്പി, ഏലം

തോട്ടങ്ങളിൽ നിന്നുമാണ് എന്ന് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്.

8) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും വനം വകുപ്പിന്റെ എൻ ഒ സി ഇല്ലാതെ തന്നെ പലപ്പോഴും ലൈസൻസ് നൽകാറുണ്ട്. ഇവിടെയും അത് സംഭവിച്ചിരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകിയ ലൈസൻസിന്റെയും കോടതിവിധിയുടേയും അടിസ്ഥാനത്തിലാണ് തടിമില്ലുകൾ പ്രവർത്തിച്ചത്. എന്നാൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ സർപ്രൈസ് ചെക്കിന് മുൻപേ ഈ രണ്ട് യൂണിറ്റുകളും അടച്ചു പൂട്ടുന്നതിനായി നോട്ടീസ് നൽകുകയും അക്കാര്യത്തിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ട സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുമുണ്ട്. ഇതിനു പുറമേ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെയും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെയും അധികാരികളോട് ആവശ്യ നടപടി സ്വീകരിക്കുവാൻ ശ്രീ. രാജേഷ് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അന്ന് നിലവിലുണ്ടായിരുന്ന നിയമപ്രകാരമുള്ള നടപടികൾ ശ്രീ.രാജേഷ് സ്വീകരിച്ചിട്ടുണ്ട്.

9) ഈ സാഹചര്യത്തിൽ ടിയാനെതിരായ ചാർജ്ജുകളൊന്നും നിലനിൽക്കുന്നില്ല. ശ്രീ.രാജേഷിനെതിരായി സ്വീകരിക്കപ്പെട്ട അച്ചടക്ക നടപടി റദ്ദ് ചെയ്ത് പരാമർശം (5)-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എൻ.രാജേഷ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി. എസ്.) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by SAJEEVAN M K
Date: 2020.06.04 16:39:47 IST
Reason: Approved